# വെള്ളരിപ്രാവുകൾ

**സുധീർ പണിക്കവീട്ടിൽ**

കൺഫ്യൂഷ്യസ് പറഞ്ഞു: സുന്ദരിയായ നഴ്സിനെ ആഗ്രഹിക്കുന്നവൻ ഒരു രോഗി (Patient) ആയിരിക്കണമെന്ന് (ക്ഷമാശീലൻ). ഒന്നാം ലോകമഹായുദ്ധകാലത്ത് പതിനെട്ടുകാരനായ ഒരമേരിക്കൻ ആംബുലൻസ് ഡ്രൈവറെ യുദ്ധഭൂമിയിലുണ്ടായ സ്ഫോടനത്തിൽ കാലിനു പരിക്കേറ്റ് ഇറ്റലിയിലെ ഒരു ആസ്പത്രിയിൽ പ്രവേശിപ്പിച്ചു. അവിടെ ഡ്യൂട്ടിയുലുണ്ടായിരുന്ന ഇരുപത്തിയാറുകാരിയായ നേഴ്സിൻെറ സൗന്ദര്യത്തിൽ അയാൾ മയങ്ങിപോയി. അവളെ ജീവിതസഖിയാക്കാൻ മോഹിച്ചു. കാര്യപ്രാപ്തിയുണ്ടായിരുന്ന അവർ ചെറുക്കൻെറ (അവർ അവനെ കൊച്ചൻ എന്ന് വിളിച്ചു.) മതിഭ്രമം മനസ്സിലാക്കി ഒഴിഞ്ഞുമാറി. ആ ചെറുക്കൻ പിന്നീട് വിശ്വപ്രശസ്തനായി. അത് ഏണസ്റ്റ് ഹെമിംവേ ആയിരുന്നു. തൻെറ പ്രേമത്തെ ആസ്പദ്മാക്കി അദ്ദേഹം "A farewell to Arms " എന്ന പുസ്തകം രചിച്ചു. രോഗികളുമായുള്ള നിരന്തര സാമിപ്യം സുന്ദരിമാരായ നഴ്സുമാർക്ക് ചിലപ്പോൾ മംഗല്യസൗഭാഗ്യങ്ങൾ നൽകാറുണ്ട്. എന്നാൽ ഉത്തരവാദിത്വമുള്ള ജോലിയിൽ ഏർപ്പെടുന്ന ഇവർക്ക് അത്തരം പ്രണയബന്ധങ്ങളിൽ ഏർപ്പെടുക ദുഷ്കരമായിരുന്നു. എന്നിട്ടും പ്രണയപരാഗരേണുക്കൾ ഈ ജോലിക്കാരെ പറ്റിപ്പിടിച്ച് തൂങ്ങി കിടന്നു. അതുകൊണ്ടായിരിക്കും ക്രുസ്തുവിനു 551 വർഷങ്ങൾക്ക് മുമ്പ് ജനിച്ച കൺഫ്യൂഷസ് നഴ്സുമാരുടെ സൗന്ദര്യത്തെപ്പറ്റി പറഞ്ഞത്.

ഒലിവ് ഇലകൾ കൊക്കിലൊതുക്കി വെള്ളയുടുപ്പണിഞ്ഞ് എല്ലാം ശാന്തം എന്ന സന്ദേശവുമായി വെള്ളരിപ്രാവുകളെപോലെ പറന്നുവന്നു മറ്റുള്ളവരുടെ രോഗശാന്തിക്കായി ജീവിതം ഉഴിഞ്ഞുവച്ച ഈ നിസ്വാർത്ഥമതികൾ കയ്യിൽ സ്റ്റെതസ്കോപ്പുമായി ദൈവത്തിൻെറ സന്ദേശവാഹകരായി പ്രത്യക്ഷപ്പെടുമ്പോൾ അവിടം ഒരു ദേവാലയമായി മാറുന്നു. ദൈവം ജോലിയിൽ വ്യാപ്രുതനാണെന്ന് എപ്പോഴും ഓർമ്മിപ്പിക്കുന്ന ഒരു പ്രവർത്തിമേഖലയാണു് നഴ്സുമാരുടെ. ദൈവരാജ്യത്തെപ്പറ്റി പ്രസംഗിക്കുവാനും രോഗികളെ സുഖപ്പെടുത്താനും യേശു അപ്പോസ്തലന്മാരെ അയച്ചു വെന്ന് ബൈബിളിൽ പറയുന്നു..( ലൂക്കോസ് 9:2). ദൈവം ഭൂമിയിൽ മനുഷ്യരെ സ്രുഷ്ടിച്ചപ്പോൾ അവർക്കായി കാവൽമാലാഖമാരെ നിയോഗിച്ചു. കാവൽമാലാഖമാർ സ്വർഗ്ഗത്തിലിരുന്ന് അവരുടെ സേവനമനുഷ്ഠിക്കുമ്പോൾ നഴ്സുമാർ ഭൂമിയിൽ മനുഷരെ കാത്തുസംരക്ഷിക്കുന്നു.

ആതുരസേവനം ആത്മീയമായ ഒരു പ്രവർത്തിയാണു്. ജീവിതത്തേയും മരണത്തേയും മുഖാമുഖം കണ്ടുനിൽക്കുന്ന ഇവർ ദൈവം ഭൂമിയിലേക്ക് അയച്ച മാലാഖമാർ തന്നെയാണു്. സന്യാസിനിമാരും, പുരോഹിതന്മാരും ആയി ജീവിതം ഉഴിഞ്ഞുവച്ചവർക്ക് ദൈവവിളി ഉണ്ടായി എന്നു പറയാറുണ്ട്. ദൈവത്തിനു വേണ്ടി പ്രവർത്തിക്കാൻ അവരെ ആരോ ഉള്ളിൽനിന്ന് പ്രേരിപ്പിച്ചുവെന്ന് അവർ അവകാശപ്പെടുന്നു. എന്നാൽ ആതുര

സേവനരംഗത്തേക്ക് വരുന്ന ഒരാളാണ് യഥാർത്ഥത്തിൽ ദൈവവിളി കേട്ടുവരുന്നത്. നല്ല ജീവിതം നയിച്ച് സ്വർഗ്ഗം നേടിയെടുക്കാനുള്ള വചനഘോഷവുമായി ദൈവവേല ചെയ്യുന്നവർ പരിശ്രമിക്കുമ്പോൾ, രോഗവിമുക്തി നേടി ആരോഗ്യത്തോടെ ഭൂമിയിൽ ജീവിതം ആസ്വദിക്കാൻ നഴ്സ് എന്ന പദവി തിരഞ്ഞെടുക്കുന്നവർ മനുഷ്യരെ സഹായിക്കുന്നു.

ഫ്ലോറൻസ് നൈറ്റിംഗേലിനു പതിനേഴ് വയസ്സ് തികയാൻ മാസങ്ങൾ ബാക്കി നിൽക്കേ ആ പെൺക്കുട്ടി തൻെറ ഡയറിയിൽ ഇങ്ങനെ കുറിച്ചുവച്ചു. ദൈവവേലക്കായി എന്നെ വിളി ച്ചുകൊണ്ട് ദൈവം എന്നോട് സംസാരിച്ചു. എന്നാൽ എന്തു വേലക്കാണു ദൈവം തന്നെ വിളിക്കുന്നത് എന്ന് അവർക്കറിയില്ലായിരുന്നു. അതുകൊണ്ട് അവർ വിവാഹം വേണ്ടെന്ന് വച്ചു. തനിക്ക് വളരെ ഇഷ്ടമായിരുന്ന ചെറുപ്പക്കാരൻെറ വിവാഹാഭ്യർത്ഥ്യനയും നിരസിച്ചു. അക്കാലത്ത് നിമിഷങ്ങളോളം ബോധം നഷ്ടപ്പെട്ടുപോകയും ആ ബോധക്കേടിൽ നിന്നുണരുമ്പോൾ എന്താണു സംഭവിച്ചെതെന്നറിയാൻ കഴിയാത്ത ഒരവസ്ഥയും അവർക്കുണ്ടായിരുന്നു. അത്തരം ബോധക്കേടുകൾ വരുന്നത് ദൈവവേലക്ക് താൻ യോഗ്യയല്ലെന്നതിനു സൂചനയാണെന്ന് അവർ വിചാരിക്കാൻ തുടങ്ങി. പിന്നെ കുറെ കൊല്ലങ്ങളോളം അവർ ദൈവവിളി കേട്ടില്ല. അങ്ങനെ മുപ്പതാമത്തെ വയസ്സിൽ, ക്രുസ്തുദേവൻ തൻെറ സുവിശേഷവേല ആരംഭിച്ച വയസ്സിൽ അവർ ദൈവവിളി കേട്ടു. അവർ ആതുരസേവന രംഗത്ത് പരിശീലനം തേടാൻ തീരുമാനിച്ചു. പ്രഭുകുടുംബത്തിൽ ജനിച്ച ഒരു സ്ത്രീ അത്തരം ഒരു ജോലിക്ക് പോകുന്നത് അന്ന് വളരെ എതിർപ്പുണ്ടാക്കിയിരുന്നു. നമ്മുടെ മലയാളി സഹോദരിമാരിൽ പലരും ഒരു കാലത്ത് ഈ ജോലി തിരഞ്ഞെടുത്തപ്പോൾ വളരെയധികം അപവാദങ്ങൾക്ക് ഇരയായത് മലയാളിയുടെ ഊതിവീർപ്പിച്ച സംസ്കാരപൊങ്ങച്ചം കൊണ്ടായിരിക്കണം.

മലയാളിയുടെ കുബുദ്ധിയും സങ്കുചിതത്വവും പോലെ നഴ്സ് എന്ന ഇംഗ്ലീഷ് പദത്തിനുള്ള മലയാളം വാക്കുകളും പോറ്റമ്മ, ധാത്രി, പരിചാരിക, ശുശ്രൂഷക, രോഗപരിചാരിണി. എന്നൊക്കെയാണ്. വൈദിക കാലഘട്ടത്തിൽ, ക്രുസ്തുവിനു മുവ്വായിരം വർഷങ്ങൾക്ക് മുമ്പ് ഇവർ ഉപചാരിക എന്ന വാക്കിനാൽ അറിയപ്പെട്ടിരുന്നു. ആ വാക്കുകൾക്ക് തന്നെ ഒരു കുറച്ചിൽ ഉണ്ടെന്നാണ് മലയാളി വിശ്വസിക്കുന്നത്. ദുരഭിമാനത്തിൻെറ ദന്തഗോപുരങ്ങളിൽ എന്നും വാടകക്ക് താമസിക്കുന്ന മലയാളിക്ക് അത്കൊണ്ട് നഴ്സ് എന്ന് പറയുന്നത് കുറച്ചിലാണ്. രോഗിയെ പരിചരിക്കുക എന്ന മഹത്തായ കർമ്മം അനുഷ്ഠിക്കുന്നവരെ അംഗീകരിക്കാൻ മലയാളി മനസ്സിനു വലുപ്പം പോരാ. ഉദ്യോഗമാണെങ്കിലും മറ്റുള്ളവരെ പരിചരിക്കാൻ പ്രിയപ്പെട്ടവർ പോകുന്നതിൽ വിമുഖത കാണിക്കുന്നത് അവരുടെ സേവനത്തിൻെറ മഹത്വം മനസ്സിലാക്കാത്തത് കൊണ്ടാണ്. ദൈവവിളിയേക്കാൾ വിശപ്പിൻെറ വിളികേട്ടും ഈ രംഗത്തേക്ക് വരുന്നവർ ഉണ്ടായിരിക്കാം. എന്നാൽ ഈ ജോലി ഏറ്റെടുത്ത് കഴിയുമ്പോൾ എല്ലാവരിലും ജോലിയുടെ മഹതവും ഉത്തരവാദിത്വവും ഉളവാകുന്നു. രോഗം മാറിപോകുന്നവരുടെ മുഖപ്രസാദം കാണുന്നത് ഈശ്വരനെ ദർശിക്കുന്നതിനു തുല്യമാണെന്ന് എത്രയോ നഴ്സുമാർ രേഖപ്പെടുത്തിയിരിക്കുന്നു. ശരീര ശാസ്ത്രത്തിൻെറ സങ്കീർണ്ണതകളെ കുറിച്ച് പഠിക്കുന്ന കാലത്ത് ഒരു നഴ്സ് നമ്മെ സ്രുഷ്ടിച്ച ദൈവത്തെപ്പറ്റി ഓർക്കുന്നു. മരുന്നുകൾക്കപ്പുറം സ്നേഹാർദ്രവും, സാന്ത്വനപൂർവ്വവുമായ സമീപനങ്ങൾക്കും അവർ മുൻഗണന നൽകുന്നു. രോഗം മൂലം അവശനായി എത്തുന്ന ഒരാൾക്ക് മുന്നിൽ പ്രത്യക്ഷപ്പെടുന്ന നഴ്സ് ദൈവത്തിൻെറ

പ്രതിനിധിയാണ്. ഒരു പക്ഷെ ഏറ്റവും സംത്രുപ്തി നൽകുന്ന ഒരു ജോലിയാണു നഴ്സിന്റേത്. നഴ്സിംഗ് ഒരു തൊഴിൽ അല്ല അത് സ്നേഹത്തിന്റെ, കരുതലിന്റെ, രോഗശാന്തിയുടെ ഒരു ചുമതലയാണ്. ആദ്യകാല അമേരിക്കൻ മലയാളി സമൂഹം ഉൾക്കൊണ്ടിരുന്നതിൽ വളരെയധികവും മാലാഖമാരുടെ കുടുംബങ്ങളായിരുന്നു. അവർക്ക് ദൈവം അഭിവ്രുദ്ധിയും ഐശ്വര്യവും നൽകി. വേദനിക്കുന്നവരുടെ കണ്ണീരൊപ്പുവാൻ, അവർക്ക് സാന്ത്വനമരുളാൻ കഴിയുന്നത് ദൈവീകമായ ഒരു വരമാണ്. കുടുംബം കുടുംബമായി എത്തിചേർന്നവർ കൂടപിറപ്പുകളേയും, കൂട്ടുകാരെയും ഇവിടേക്ക് കൊണ്ട് വന്നു. അങ്ങനെ അമേരിക്കൻ മലയാളി സമൂഹം നന്മയുടെ വെളിച്ചം വിതറികൊണ്ട് സമ്പന്നത കൈവരിച്ചു. ഭൂമിയിൽ ഒരു സ്വർഗ്ഗം എന്ന സങ്കൽപ്പം ഇവിടെ നിറവേറികൊണ്ടിരുന്നു. പിന്നെ സ്വർഗ്ഗത്തിലെപോലെ മത്സരങ്ങൾ (Rev 12:7-13) അരങ്ങേറാൻ തുടങ്ങിയെങ്കിലും നഴ്സ് എന്ന ഉദ്യോഗം ജീവിതവ്രുതമായി സ്വീകരിച്ചവർ അവരുടെ കർത്തവ്യങ്ങളിൽ മുഴുകി. കാലചക്രം ഉരുളുകയും ആതുരസേവനരംഗത്ത് വ്യാപകമായ മാറ്റങ്ങൾ വരുകയും ചെയ്തു. ഒരു കാലത്ത് അവജ്ഞയോടെ വീക്ഷിച്ചിരുന്ന ഈ ജോലി ഇന്ന് സ്ത്രീ പുരുഷബേധമെന്യേ എല്ലാവരും തിരഞ്ഞെടുക്കുന്നു.

മേയ് മാസത്തിലെ ആദ്യ വാരം നഴ്സുമാരുടെ ദേശീയ വാരാഘോഷമായി അമേരിക്കയിൽ കൊണ്ടാടപ്പെടുന്നു. ഓരോ സ്റ്റെയ്റ്റുകളിലും അരങ്ങേറുന്ന പരിപാടികളിൽ ആതുരസേവന രംഗത്ത് വേണ്ട ധാർമ്മികതയുടേയും ഉൽക്രുഷ്ടമായ കരുതലിന്റേയും പ്രാധാന്യത്തെക്കുറിച്ച് യോഗ്യരായവർ പ്രസംഗിക്കുകയും പ്രബന്ധങ്ങൾ അവതരിപ്പിക്കുകയും ചെയ്യുന്നുണ്ട്. ആധുനിക സാങ്കേതിക വിദ്യകളുടെ ഉപയോഗം രോഗികളെക്കുറിച്ചുള്ള സ്വകാര്യവും, രഹസ്യവുമായ വിവരങ്ങൾ ചോർന്നു പോകാനുള്ള സാദ്ധ്യത വർദ്ധിപ്പിക്കുന്നു എന്നത് ആസ്പത്രി അധിക്രുതരെ ആശങ്കാകുലരാക്കുന്നുവെന്ന് എല്ലാവരും മനസ്സിലാക്കുകയും അതിനുള്ള മുൻകരുതലുകൾ എടുക്കേണ്ട ആവശ്യകതയും പ്രസ്തുത യോഗങ്ങളിൽ ചർച്ച ചെയ്യപ്പെടുന്നു. അമേരിക്കൻ മലയാളി നഴ്സുമാർ സ്തുത്യർഹമായ സേവനമനുഷ്ഠിച്ച്കൊണ്ട് ഭാരതീയ പാരമ്പര്യത്തിന്റെ പ്രശക്തി വർദ്ധിപ്പിക്കുന്നു. നഴ്സ് എന്ന ജോലിക്ക് ഇത്രമാത്രം മഹത്വം എന്ത് എന്ന് ചോദിക്കുന്നവരോട് അവർ ഒരു പക്ഷെ മറുപടി പറയുകയില്ല. കാരണം ഈ ലോകത്തിൽ ഈ ജോലി നിർവഹിക്കുന്ന പരമപ്രധാനമായ കർത്തവ്യം അങ്ങനെ ഒന്ന് രണ്ടു വാക്കുകളിൽ പറഞ്ഞ് തീർക്കാൻ കഴിയില്ല. ഇന്ന് മനുഷ്യരുടെ ആയുസ്സ് വർദ്ധിച്ചു. എങ്ങനെ രോഗങ്ങൾ പ്രതിരോധിക്കാമെന്ന് അവരെ മനസ്സിലാക്കാൻ നഴ്സുമാർ സഹായിക്കുന്നു. അങ്ങനെ ഓരൊരുത്തരുടേയും വിലപ്പെട്ട ജീവനെ സംരക്ഷിക്കാൻ സന്നദ്ധത കാണിച്ച് ആതുരസേവന രംഗത്ത് പ്രകാശം പരത്തികൊണ്ട് നിൽക്കുന്ന നഴ്സുമാരെ ക്രുതജ്ഞതാപൂർവ്വം കൈകൂപ്പാം. “ഞാൻ ഒരു നഴ്സാണെന്ന് അഭിമാനപൂർവ്വം അവർ പറയുന്നത് കാതോർക്കാം. എല്ലാം നഴ്സുമാർക്കും അഭിനന്ദനങ്ങൾ!

**ശുഭം**